"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ ഗവൺമെന്റ് ആശാഭവനുകൾ, തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന പ്രത്യാശാ ഭവൻ എന്നി സ്ഥാപനങ്ങളിലെ താമസക്കാർക്ക് അനുയോജ്യമായ തൊഴിൽ പരിശീലനങ്ങളും മറ്റ് സാങ്കേതിക സഹായവും നൽകുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.31/2026/SJD തീയതി,തിരുവനന്തപുരം, 27-01-2026

---

പരാമർശം:-

1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 11.06.2025, 05.12.2025 എന്നീ തിയതികളിലെ എസ്.ജെ. ഡി/703/2023-ഡി.2 നമ്പർ. കത്തുകളും, 13.06.2025-ലെ എസ്.ജെ. ഡി/108/7/2025-എസ്. സി.3 നമ്പർ. കത്തും.
2. 18.06.2025-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ യോഗനടപടിക്കുറിപ്പ്
3. 21.08.2025-ലെ സ. ഉ. (സാധാ) നമ്പർ. 236/2025/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്.
4. 16.12.2025-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ യോഗനടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

2025-2026 സാമ്പത്തിക വർഷം 2235-60-200-83-പ്ലാൻ ശീർഷകത്തിൽ "പാർശ്വവൽക്കരിക്കപ്പെട്ടുന്നവർക്കായി സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ" എന്ന പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 15,00,00,000/- രൂപയിൽ നിന്നും സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 6 ഗവൺമെന്റ് ആശാഭവനുകൾ, തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന പ്രത്യാശാ ഭവൻ എന്നീ സ്ഥാപനങ്ങളിലെ താമസക്കാർക്ക് അനുയോജ്യമായ തരത്തിലുള്ള തൊഴിൽ പരിശീലനങ്ങളും സൈക്കോസോഷ്യൽ സപ്പോർട്ടും മറ്റ് സാങ്കേതിക സഹായവും നൽകുന്നതിനുള്ള പദ്ധതിക്കായി 73,06,040/- രൂപയുടെ ഭരണാനുമതി നൽകി പരാമർശം 3-പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ഒരു വർഷ കാലയളവിലേക്കാണ് പ്രസ്തുത പദ്ധതിക്കുള്ള തുക വകയിരുത്തിയിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിയ്ക്കുന്നതിന് നടപടി പുരോഗമിച്ചു വരുന്നതായും, പ്രസ്തുത പദ്ധതിയുടെ 2025 ഏപ്രിൽ മാസം മുതൽ 2025 ഒക്ടോബർ മാസം വരെയുള്ള 7 മാസകാലയളവിലെ വേതന ഇനത്തിൽ വകയിരുത്തിയ തുക നടപ്പ് സാമ്പത്തിക വർഷം ആവശ്യമായി വരുന്നില്ലെന്നും, 2025 നവംബർ മാസം മുതൽ 2026 മാർച്ച് മാസം 31

വരെയുള്ള പ്രവർത്തനങ്ങൾക്ക് 50% തുകയുടെ (36,53,020/- രൂപ മാത്രം) ചെലവ് പ്രതീക്ഷിക്കുന്നുള്ളുവെന്നും ആയതിനാൽ പരാമർശം 3 പ്രകാരം അനുവദിച്ച 73,06,040/- രൂപയിൽ നിന്നും പ്രസ്തുത തുക 36,53,020/- രൂപയായി കുറവ് വരുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം 1-പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

3. പരാമർശം 4-പ്രകാരമുള്ള വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഈ വിഷയം പരിഗണിക്കുകയും പുതുക്കിയ ഭരണാനുമതി നൽകാവുന്നതാണെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-2026 സാമ്പത്തിക വർഷം 2235-60-200-83-പ്ലാൻ ശീർഷകത്തിൽ "പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ" എന്ന പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 15,00,00,000/- രൂപയിൽ നിന്നും സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 6 ഗവൺമെന്റ് ആശാഭവനുകൾ, തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന ഒരു പ്രത്യാശാ ഭവൻ എന്നി സ്ഥാപനങ്ങളിലെ താമസക്കാർക്ക് അനുയോജ്യമായ തരത്തിലുള്ള തൊഴിൽ പരിശീലനങ്ങളും സൈക്കോസോഷ്യൽ സപ്പോർട്ടും മറ്റ് സാങ്കേതിക സഹായവും നൽകുന്നതിനുള്ള പദ്ധതിക്കായി വിനിയോഗിക്കുന്നതിന് പരാമർശം 3-പ്രകാരം നൽകിയ 73,06,040 രൂപയുടെ ഭരണാനുമതി പുതുക്കി, 36,53,020/- രൂപയുടെ (മുപ്പത്തിയാറു ലക്ഷത്തി അൻപത്തിമൂവായിരത്തി ഇരുപത് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ ), കേരളം,
തിരുവനന്തപുരം
ധനകാര്യം (വെൽഫെയർ വിംഗ് ) വകുപ്പ്
ചീഫ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (സോഷ്യൽ സർവീസസ് ഡിവിഷൻ ),
പട്ടം, തിരുവനന്തപുരം
സാമൂഹ്യനീതി (ബി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് ആൻഡ് ന്യൂ മീഡിയ ഡിവിഷൻ,
വിവര- പൊതുജനസമ്പർക്കവകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
കരുതൽ ഫയൽ /ഓഫിസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Vipin S D**
**Date: 28-01-2026 12:48:08**

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറി